ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലെ ഒഴിവുകൾ

79 (6238) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സ്റ്റേറ്റ് സർവ്വീസ് റൂൾ നിലവിൽ വന്നതിനു മുമ്പും, വന്നതിനു ശേഷവുമുള്ള ഒഴിവുകൾ എത്രയെന്ന് പ്രത്യേകം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിലവിൽ നാല്പത്തി നാല് ഒഴിവുകളുണ്ട്.

(ബി) യഥാക്രമം മുപ്പത്തിയഞ്ചും ഒൻപതും ഒഴിവുകൾ നിലവിലുണ്ട്.

വയോജന നയം നടപ്പിലാക്കുന്നതിന് നടപടി

80 (6239) ശ്രീ. അൽഫോൺസ് കണ്ണന്താനം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 5-12-2006-ൽ ജി. ഒ (എം.എസ്)നം. 39/2006 പ്രകാരം സർക്കാർ അംഗീകരിച്ച വയോജന നയം നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ബി) വയോജന ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന അംഗീകൃത സംഘടനകൾ ഏതൊക്കെയാണ് ;

(സി) വയോജന നയം നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള സീനിയർ സിറ്റിസൺസ് ഫോറം 26-5-2010-ൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച ഒരു ലക്ഷം പേർ ഒപ്പിട്ട ഭീമ ഹർജിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വയോജന നയം നടപ്പിലാക്കുന്നതിനായി സംസ്ഥാന കൗൺസിലും ജില്ലാതല കൗൺസിലും രൂപീകരിച്ചിട്ടുണ്ട്.

വൃദ്ധസദനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും മറ്റുമായി സംസ്ഥാന വയോജന കൗൺസിൽ അംഗങ്ങളുടെ സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് 2007 നിലവിൽ വന്നു. ടി ആക്ടിലെ ഖണ്ഡിക 32 നൽകിയ അധികാരങ്ങൾ പ്രയോഗിക്കുന്നതിനായി 2009-ൽ റൂളും നിലവിലുണ്ട്. മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം സംസ്ഥാന കൗൺസിലും ജില്ലാകമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ ജില്ലകളിലും അപ്പലേറ്റ് ട്രിബ്യൂണൽ സ്ഥാപിക്കുകയും ഓരോ ട്രിബ്യൂണലിന്റെയും പ്രിസൈഡിംഗ് ഓഫീസർമാരായി ജില്ലാ കളക്ടർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ സബ് ഡിവിഷനിലും ഓരോ മെയിന്റനൻസ് ട്രിബ്യൂണൽ സ്ഥാപിക്കുകയും റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ഓരോ ട്രിബ്യൂണലിന്റെയും പ്രിസൈഡിംഗ് ആഫീസർമാരായി നിയമിക്കുകയും ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാരെ മെയിന്റനൻസ് ആഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വൃദ്ധസദനങ്ങൾക്കും ഡേ കെയർ സെന്ററുകൾക്കും ആവർത്തന ചെലവുകൾക്ക് സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും ഫണ്ട് അനുവദിക്കുന്ന ഒരു പദ്ധതിക്ക് ഈ സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(ബി) വയോജന ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകൾ സാമൂഹ്യക്ഷേമ വകുപ്പ് വഴിയല്ല രജിസ്റ്റർ ചെയ്യുന്നത്. ആയതിനാൽ അംഗീകൃത സംഘടനകളുടെ വിവരം ഈ വകുപ്പിൽ ലഭ്യമല്ല.

സർക്കാർ ഗ്രാന്റ് ലഭിക്കുന്ന 154 വൃദ്ധസദനങ്ങൾ സന്നദ്ധ സംഘടനകൾ നടത്തുന്നുണ്ട്.

(സി) പ്രസ്തുത ഹർജി പരിശോധിച്ചു വരുന്നു.

വൃദ്ധജനങ്ങളുടെ ക്ഷേമവും സുരക്ഷയും

81 (6240) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) വൃദ്ധജനങ്ങളെ ബന്ധുക്കൾ ഉപേക്ഷിച്ചു കടന്നു കളയുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം പ്രവൃത്തികൾ തടയുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) വൃദ്ധജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും അവരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയോജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള കർമ്മ പദ്ധതി രൂപീകരിക്കുന്നതിന് വയോജന നയം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly